പതിമൂന്നാം കേരള നിയമസഭ

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 209** — 07-07-2015 ൽ മറുപടിക്ക്

**തകർച്ച നേരിടുന്ന പൊതുമേഖലാസ്ഥാപനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി.കെ.എസ്.സലീഖ**<br>**ശ്രീ.കോടിയേരി ബാലകൃഷ്ണൻ**<br>**ശ്രീ.എ.എം. ആരിഫ്**<br>**ശ്രീ.പി.ടി.എ. റഹീം** | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ കണക്കുകൾ പരിശോധിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) കഴിഞ്ഞ മൂന്നു വർഷമായി പൊതുമേഖലാസ്ഥാപനങ്ങൾ വൻ നഷ്ടം നേരിടുന്നതായ വാർത്തകളിൽ ഗൗരവതരമായ വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ ; | (ബി) പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം സൂക്ഷ്മമായി നിരീക്ഷിച്ചുവരുന്നു ആഗോളതലത്തിലുണ്ടായിട്ടുള്ള വ്യവസായമാന്ദ്യവും അനാരോഗ്യകരമായ ഇറക്കുമതിയും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെങ്കിലും പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഭേദപ്പെട്ട പ്രവർത്തനമാണ് വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കഴിഞ്ഞ നാല് വർഷമായി കാഴ്ചവച്ചിട്ടുള്ളത്. |
| (സി) എങ്കിൽ പൊതുമേഖലാസ്ഥാപനങ്ങൾ ഇത്തരത്തിൽ തകർച്ച നേരിടുന്നതിന് ഇടയാക്കിയ സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;<br><br>(ഡി) പൊതുമേഖലാസ്ഥാപനങ്ങളുടെ വളർച്ചയ്ക്കും നിലനില്പിനും സഹായകരമായ നിലപാട് സ്വീകരിക്കുമോ ; | (സി) & (ഡി) ആഗോളതലത്തിലുണ്ടായിട്ടുള്ള വ്യവസായമാന്ദ്യവും അനാരോഗ്യകരമായ ഇറക്കുമതിയും, വിപണിയിൽ നിന്നുള്ള കടുത്ത മത്സരത്തേയും, വർദ്ധിച്ച ഉൽപ്പാദനച്ചെലവുകളെയും അതിജീവിക്കത്തക്കവിധത്തിൽ കമ്പനികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിക്കാത്തതും, മൂലധനത്തിൻെറ അപര്യാപ്തതയുമാണ് പല സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്നതിനുള്ള പ്രധാന കാരണം. എന്നിരുന്നാലും മികവുറ്റ ഉൽപ്പാദന സംവിധാനങ്ങളും, കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കിയും, കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം നൽകിയും സ്ഥാപനങ്ങളുടെ |

പുരോഗതി ലക്ഷ്യമിടുന്ന പദ്ധതികളാണ് സർക്കാർ പ്രധാനമായും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനും ചെലവ് ചുരുക്കുന്നതിന്റെയും ഭാഗമായി ഇ-പേയ്മെന്റ് സംവിധാനത്തോട്, കൂടിയുള്ള ഇ-പ്രോക്യൂർമെന്റ് നടപ്പിലാക്കിയിട്ടുണ്ട്

(ഇ) മുൻസർക്കാരിന്റെ കാലത്ത് ലാഭത്തിൽ പ്രവർത്തിച്ചുവന്ന ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് ഇപ്പോൾ നഷ്ടത്തിലായിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

(ഇ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ (2010-11) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ 2014-15 സാമ്പത്തിക വർഷത്തിൽ ആഡിറ്റിനു മുൻപുള്ള കണക്കുകൾ പ്രകാരം നഷ്ടത്തിലാണ് പ്രവർത്തിച്ചത്.

1. **The Kerala Minerals and Metals Ltd**
2. **Transformers and Electricals Kerala Ltd**
3. **Travancore Titanium Products Ltd**
4. **Steel and Industrial Forgings Ltd**
5. **Kerala State Drugs & Pharmaceuticals Ltd**
6. **Sitaram Textiles Ltd**
7. **Traco Cable Company Ltd**
8. **Kerala State Handloom Weavers Co-operative Society (HANTEX)**
9. **The Malappuram Co-operative Spinning Mills Ltd.**
10. **Alleppey Co-operative Spinning Mills**
11. **Kerala State Palmyrah Products Development & Workers Welfare Corporation Ltd (KELPALM)**

സെക്ഷൻ ഓഫീസർ